പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി
# (2021-2023)

## എട്ടാമത് റിപ്പോർട്ട്

274/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| റിപ്പോർട്ട് | .. | 1 |

# അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി
# (2021-2023)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പ്രമോദ് നാരായൺ.

<u>അംഗങ്ങൾ</u> :

ശ്രീ. സി. എച്ച് . കുഞ്ഞമ്പു

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. വി. ആർ. സുനിൽ കുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. വി. ജി. റിജു, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ് , ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ദീപക് എസ് . വി., അണ്ടർ സെക്രട്ടറി.

## റിപ്പോർട്ട്

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2023 മാർച്ച് 3-ാം തീയതി വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്കുവരുന്ന അനൗദ്യോഗിക പ്രമേയങ്ങൾക്ക് സമയപരിധി നിർണ്ണയിക്കുന്ന കാര്യം 2023 മാർച്ച് 1-ാം തീയതി ചേർന്ന സമിതി യോഗം പരിഗണിക്കുകയുണ്ടായി. അനൗദ്യോഗിക പ്രമേയങ്ങളുടെ ചർച്ചയ്ക്ക് സമിതി താഴെപ്പറയുന്ന പ്രകാരം സമയപരിധി ശിപാർശ ചെയ്യുന്നു.

| ക്രമ നമ്പർ | പ്രമേയങ്ങൾ | സമയം |
|---|---|---|
| 1 | സംസ്ഥാനത്തോടുള്ള കേന്ദ്ര അവഗണന അവസാനിപ്പിക്കുക (**ശ്രീ. വി. ജോയി**, എം.എൽ.എ. നോട്ടീസ് നൽകിയ പ്രമേയം) | 40 മിനിറ്റ് |
| 2 | ന്യൂനപക്ഷ വിദ്യാർത്ഥികളോടുള്ള അവഗണന തിരുത്തുക (**ശ്രീ. എൻ. ഷംസുദ്ദീൻ**, എം.എൽ.എ. നോട്ടീസ് നൽകിയ പ്രമേയം) | 40 മിനിറ്റ് |
| 3 | സംസ്ഥാനത്തിന്റെ അധികാരത്തിലുള്ള സഹകരണ മേഖലയിൽ കടന്നുകയറാനുള്ള ശ്രമത്തിൽ നിന്നും കേന്ദ്ര സർക്കാർ പിൻമാറുക (**ഡോ. എൻ. ജയരാജ്**, എം.എൽ.എ. നോട്ടീസ് നൽകിയ പ്രമേയം) | 40 മിനിറ്റ് |

3. മുകളിൽ കൊടുത്തിരിക്കുന്ന ഏതെങ്കിലും പ്രമേയത്തിന് അനുവദിച്ചിട്ടുള്ള സമയം മുഴുവനും ആവശ്യമില്ലാതെ വരുന്നപക്ഷം ശേഷിക്കുന്ന സമയം മറ്റിനങ്ങൾക്കുവേണ്ടി യഥാർഹം വിനിയോഗിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു .

4. 2023 മാർച്ച് 1-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

5. 2023 മാർച്ച് 3-ാം തീയതി വെള്ളിയാഴ്ച ചർച്ചയ്ക്കുവരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

പ്രമോദ് നാരായൺ,

അദ്ധ്യക്ഷൻ,
അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും
സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2023 മാർച്ച് 1.

## അനുബന്ധം

## 2023 മാർച്ച് 3-ാം തീയതി വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങൾ

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം |
|---|---|---|
| 1 | ശ്രീ. വി. ജോയി | സംസ്ഥാനത്തോടുള്ള കേന്ദ്ര അവഗണന അവസാനിപ്പിക്കുക<br><br>ശക്തമായ സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവും എന്ന ഫെഡറൽ തത്വത്തിന് അനുയോജ്യമല്ലാത്ത വിധത്തിൽ കേന്ദ്രസർക്കാർ ജി.എസ്.ടി. വഴി സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയാധികാരത്തിൽ മുഖ്യപങ്ക് കരസ്ഥമാക്കുകയും ജി.എസ്.ടി. പരിധിയിൽ വരാത്ത പെട്രോളിനും ഡീസലിനും സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ലാത്ത സെസ്സ് വലിയ തോതിൽ ഏർപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. കൂടാതെ ഡിവിസിബിൾ പൂളിൽ നിന്ന് സംസ്ഥാനത്തിന് നീതിയുക്തമായി ലഭിക്കേണ്ട വിഹിതത്തിൽ ഗണ്യമായി കുറവു വരുത്തി കേവലം 1.925 ശതമാനമാക്കുകയും റവന്യൂ കമ്മി ഗ്രാന്റ് നിർത്തലാക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം വൻതോതിൽ കുറവ് വരുത്തുകയും ചെയ്തിരിക്കുന്നു. രാജ്യത്ത് ജി.എസ്.ടി. അനവധാനതയോടെ നടപ്പിലാക്കിയതു മൂലമുള്ള നികുതി നഷ്ടം നികത്തുന്നതിനുള്ള നഷ്ടപരിഹാരം നൽകുന്നതിനായി ജനങ്ങളിൽ നിന്ന് സെസ്സ് പിരിക്കുന്നത് തുടരുമ്പോഴും പ്രസ്തുത നഷ്ടപരിഹാരം സംസ്ഥാനങ്ങൾക്ക് നൽകുന്നത് നിർത്തലാക്കുകയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഗണ്യമായി വെട്ടിക്കുറയ്ക്കുകയും ചെയ്തിരിക്കുന്നു. അതോടൊപ്പം പൊതുകണക്കിലുള്ള തുക പൊതുകടമായി കണക്കാക്കി വായ്പ എടുക്കുന്നത് പരിമിതപ്പെടുത്തുന്ന നടപടിയും സ്വീകരിക്കുന്നു. സർക്കാർ ഏജൻസികളുടെ വായ്പ, സർക്കാർ കണക്കിൽപ്പെടുന്നില്ലെന്ന് പാർലമെന്റിൽ |

| | | |
|---|---|---|
| | | വ്യക്തമാക്കിയെങ്കിലും കേന്ദ്ര സർക്കാർ അത്തരം വായ്പ എടുക്കുന്നത് തുടങ്ങുമ്പോൾത്തന്നെ വിവേചന പൂർണ്ണമായി, കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന് കടമെടുക്കാനുള്ള അനുമതിയും അറുപത്തിരണ്ട് ലക്ഷത്തിലധികം വരുന്ന ക്ഷേമപെൻഷൻകാർക്ക് യഥാസമയം പെൻഷൻ നൽകുന്നതിന് സംസ്ഥാനം രൂപീകരിച്ച സാമൂഹ്യസുരക്ഷ പെൻഷൻ ലിമിറ്റഡിന് വായ്പയെടുക്കുന്നതിനുള്ള അനുമതിയും നിഷേധിച്ച് നിർവ്വീര്യമാക്കുന്ന നടപടിയാണ് കേന്ദ്രസർക്കാർ സ്വീകരിച്ചു വരുന്നത്.<br><br>ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വികസന, ക്ഷേമ പ്രവർത്തനങ്ങളേയും പദ്ധതികളേയും ദുർഗമമാക്കുന്ന നയങ്ങളും നടപടികളും തിരുത്തി ഭരണഘടനയുടെ അന്തസ്സത്ത ഉയർത്തിപ്പിടിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ഈ സഭ ആവശ്യപ്പെടുന്നു. |
| 2 | ശ്രീ. എൻ. ഷംസുദ്ദീൻ | <u>ന്യൂനപക്ഷ വിദ്യാർത്ഥികളോടുള്ള അവഗണന തിരുത്തുക</u><br><br>സച്ചാർ കമ്മീഷൻ നടത്തിയ പഠനത്തെ തുടർന്ന് രാജ്യത്തെ അരികവൽക്കരിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗങ്ങളെ സാമൂഹികമായി ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് ന്യൂനപക്ഷ വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചത്. ഇത്തരം പദ്ധതികളിലൂടെ ന്യൂനപക്ഷ വിഭാഗങ്ങൾ വിദ്യാഭ്യാസ മേഖലയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ മൗലാന ആസാദ് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നൽകിവന്നിരുന്ന വിവിധ സ്കോളർഷിപ്പുകൾ കേന്ദ്രസർക്കാർ നിർത്തലാക്കി യിരിക്കുകയാണ്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് വഴി 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നടപ്പിലാക്കിവന്നിരുന്ന പ്രീമെട്രിക് |

| | | |
|---|---|---|
| | | സ്കോളർഷിപ്പ്, 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുകയാണ്. ഇത് ലക്ഷക്കണക്കിന് പാവപ്പെട്ട ന്യൂനപക്ഷ വിദ്യാർഥികൾക്ക് തിരിച്ചടിയാണ്. ഈ നടപടി തിരുത്തുവാൻ കേന്ദ്രസർക്കാർ തയ്യാറാകണം.<br><br>2022 -23-ൽ വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്ക് നീക്കിവെച്ച വിഹിതത്തിൽ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്, എ. പി. ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്, ഐ.ടി.സി. ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം തുടങ്ങിയ വിവിധ ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് അനുവദിച്ച തുകയിൽ 2023 ജനുവരി 31 വരെ ഒരു രൂപ പോലും സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചെലവഴിച്ചിട്ടില്ല എന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികളോട് സംസ്ഥാന സർക്കാർ കാണിക്കുന്ന അവഗണനയെയാണ് ചൂണ്ടിക്കാണിക്കുന്നത്.<br><br>ആയതിനാൽ ന്യൂനപക്ഷ വിദ്യാർത്ഥികളോട് കാണിക്കുന്ന അവഗണന തിരുത്തുവാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു. |
| 3. | ഡോ. എൻ. ജയരാജ് | <u>സംസ്ഥാനത്തിന്റെ അധികാരത്തിലുള്ള സഹകരണ മേഖലയിൽ കടന്നുകയറാനുള്ള ശ്രമത്തിൽ നിന്നും കേന്ദ്ര സർക്കാർ പിൻമാറുക.</u><br><br>സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹിക വികസനത്തിന് കരുത്തുറ്റ ഊർജ്ജം പകരുന്ന മേഖലയാണ് സഹകരണ മേഖല. സ്വാതന്ത്ര്യത്തിനു മുൻപുതന്നെ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചതും എല്ലാ മേഖലകളിലും വ്യാപിച്ചതുമായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തമായി മുന്നേറുകയാണ്. |

| | | |
|---|---|---|
| | | എന്നാൽ ജനമനസ്സുകളിൽ സ്വാധീനമുറപ്പിച്ച കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിന് തുടർച്ചയായ നീക്കങ്ങളാണ് കേന്ദ്രസർക്കാർ നടത്തിവരുന്നത്.<br><br>ഭരണഘടനയുടെ 7-ാം പട്ടികപ്രകാരം സംസ്ഥാന ലിസ്റ്റിൽ 32-ാമത് ഇനമാണ് 'സഹകരണ സംഘങ്ങൾ'. ഇതുവഴി സഹകരണ സംഘങ്ങളെ സംബന്ധിച്ച നിയമ നിർമ്മാണങ്ങൾക്കുള്ള പൂർണ്ണമായ അധികാരം സംസ്ഥാനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നു. എന്നാൽ ഭരണഘടനക്കും ഫെഡറലിസത്തിനും തീർത്തും എതിരാകുന്നതാണ് കേന്ദ്ര സർക്കാരിന്റെ സഹകരണ മേഖലയിലെ പുതിയ നിയമനിർമ്മാണവും പരിഷ്കാരങ്ങളും.<br><br>2022 ഡിസംബർ 7-ന് ലോക്സഭയിൽ അവതരിപ്പിച്ച മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) ബില്ലിലൂടെയും 2023 ഫെബ്രുവരി 1-ന് പാർലമെന്റിൽ അവതരിപ്പിച്ച ബജറ്റിലൂടെയും സഹകരണ സംഘങ്ങളെ വീണ്ടും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാക്കുക എന്ന ഗൂഢലക്ഷ്യം എതിർക്കപ്പെടേണ്ടതാണ്.<br><br>കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച പുതിയ ബില്ലിലൂടെ ഏതൊരു സഹകരണ സംഘത്തിനും മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ലയിക്കാവുന്നതാണെന്നും അപ്രകാരം ലയിച്ച സംഘങ്ങൾക്ക് ഓഹരി വീണ്ടെടുക്കുന്നതിന് കേന്ദ്ര അതോറിറ്റിയുടെ അംഗീകാരം ആവശ്യമാണെന്നും വ്യവസ്ഥ ചെയ്യുന്നു. സംഘങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തുന്നതിന് കമ്മീഷനെ നിയമിക്കുന്നതിനുള്ള അധികാരവും സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡിന് ഉപരിയായി അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനുള്ള അധികാരവും കേന്ദ്രത്തിനായിരിക്കും എന്നിങ്ങനെയുള്ള ഭേദഗതികളിലൂടെ രാജ്യത്തെ മുഴുവൻ സഹകരണ മേഖലയെയും അതിന്റെ ഘടനയെയും നിയന്ത്രിക്കാനും ആവശ്യമെങ്കിൽ സംഘങ്ങളെ ഏറ്റെടുക്കാനും കേന്ദ്ര സർക്കാരിന് കഴിയുന്നതാണ്. |

| | | |
|---|---|---|
| | | 2023-24 വർഷത്തേയ്ക്കുള്ള കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കി പ്രാഥമിക സഹകരണ ബാങ്കുകളെ നബാർഡ് മുതലായ കേന്ദ്ര ഏജൻസികളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പ്രഖ്യാപനം. കൂടാതെ, കേന്ദ്രം തയ്യാറാക്കിയിട്ടുള്ള മോഡൽ ബൈലോയിലൂടെ പ്രാഥമിക ബാങ്കുകളുടെ ബിസിനസ് പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് തീരുമാനിക്കപ്പെടുകയാണ്. സഹകരണ ബാങ്കുകളുടെ പ്രവർത്തനം തന്നെ കേന്ദ്ര നിരീക്ഷണത്തിന് വിധേയമാക്കുകയെന്ന ലക്ഷ്യമാണ് ഇതിനുള്ളത്.<br><br>കേന്ദ്ര സർക്കാരിന്റെ സഹകരണ മേഖലയിലെ പുതിയ നിയമനിർമ്മാണവും പരിഷ്കാരങ്ങളും ഏറ്റവുമധികം ബാധിക്കപ്പെടുന്ന സംസ്ഥാനം കേരളമാണ്. ആയതിനാൽ കേരളത്തിന്റെ സഹകരണ മേഖലയിലെ ഘടനാപരമായ കെട്ടുറപ്പിനെ ഗുരുതരമായി ബാധിക്കുന്ന നിയമനിർമ്മാണത്തിൽ നിന്നും മറ്റു പരിഷ്കാരങ്ങളിൽനിന്നും എത്രയുംവേഗം പിന്തിരിയണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. |

| | | |
|---|---|---|
| | | സ്കോളർഷിപ്പ്, 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുകയാണ്. ഇത് ലക്ഷക്കണക്കിന് പാവപ്പെട്ട ന്യൂനപക്ഷ വിദ്യാർഥികൾക്ക് തിരിച്ചടിയാണ്. ഈ നടപടി തിരുത്തുവാൻ കേന്ദ്രസർക്കാർ തയ്യാറാകണം.<br><br>2022 -23-ൽ വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾക്ക് നീക്കിവെച്ച വിഹിതത്തിൽ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്, എ. പി. ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ്, ഐ.ടി.സി. ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം തുടങ്ങിയ വിവിധ ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് അനുവദിച്ച തുകയിൽ 2023 ജനുവരി 31 വരെ ഒരു രൂപ പോലും സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ചെലവഴിച്ചിട്ടില്ല എന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികളോട് സംസ്ഥാന സർക്കാർ കാണിക്കുന്ന അവഗണനയെയാണ് ചൂണ്ടിക്കാണിക്കുന്നത്.<br><br>ആയതിനാൽ ന്യൂനപക്ഷ വിദ്യാർത്ഥികളോട് കാണിക്കുന്ന അവഗണന തിരുത്തുവാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുന്നു. |
| 3. | ഡോ. എൻ. ജയരാജ് | <u>സംസ്ഥാനത്തിന്റെ അധികാരത്തിലുള്ള സഹകരണ മേഖലയിൽ കടന്നുകയറാനുള്ള ശ്രമത്തിൽ നിന്നും കേന്ദ്ര സർക്കാർ പിൻമാറുക.</u><br><br>സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹിക വികസനത്തിന് കരുത്തുറ്റ ഊർജ്ജം പകരുന്ന മേഖലയാണ് സഹകരണ മേഖല. സ്വാതന്ത്ര്യത്തിനു മുൻപുതന്നെ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചതും എല്ലാ മേഖലകളിലും വ്യാപിച്ചതുമായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തമായി മുന്നേറുകയാണ്. |

274/23

| | | |
|---|---|---|
| | | എന്നാൽ ജനമനസ്സുകളിൽ സ്വാധീനമുറപ്പിച്ച കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിന് തുടർച്ചയായ നീക്കങ്ങളാണ് കേന്ദ്രസർക്കാർ നടത്തിവരുന്നത്.<br><br>ഭരണഘടനയുടെ 7-ാം പട്ടികപ്രകാരം സംസ്ഥാന ലിസ്റ്റിൽ 32-ാമത് ഇനമാണ് 'സഹകരണ സംഘങ്ങൾ'. ഇതുവഴി സഹകരണ സംഘങ്ങളെ സംബന്ധിച്ച നിയമ നിർമ്മാണങ്ങൾക്കുള്ള പൂർണ്ണമായ അധികാരം സംസ്ഥാനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നു. എന്നാൽ ഭരണഘടനയ്ക്കും ഫെഡറലിസത്തിനും തീർത്തും എതിരാകുന്നതാണ് കേന്ദ്ര സർക്കാരിന്റെ സഹകരണ മേഖലയിലെ പുതിയ നിയമനിർമ്മാണവും പരിഷ്കാരങ്ങളും.<br><br>2022 ഡിസംബർ 7-ന് ലോക്സഭയിൽ അവതരിപ്പിച്ച മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) ബില്ലിലൂടെയും 2023 ഫെബ്രുവരി 1-ന് പാർലമെന്റിൽ അവതരിപ്പിച്ച ബജറ്റിലൂടെയും സഹകരണ സംഘങ്ങളെ വീണ്ടും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാക്കുക എന്ന ഗൂഢലക്ഷ്യം എതിർക്കപ്പെടേണ്ടതാണ്.<br><br>കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച പുതിയ ബില്ലിലൂടെ ഏതൊരു സഹകരണ സംഘത്തിനും മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ലയിക്കാവുന്നതാണെന്നും അപ്രകാരം ലയിച്ച സംഘങ്ങൾക്ക് ഓഹരി വീണ്ടെടുക്കുന്നതിന് കേന്ദ്ര അതോറിറ്റിയുടെ അംഗീകാരം ആവശ്യമാണെന്നും വ്യവസ്ഥ ചെയ്യുന്നു. സംഘങ്ങളിലെ തെരഞ്ഞെടുപ്പ് നടത്തുന്നതിന് കമ്മീഷനെ നിയമിക്കുന്നതിനുള്ള അധികാരവും സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡിന് ഉപരിയായി അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനുള്ള അധികാരവും കേന്ദ്രത്തിനായിരിക്കും എന്നിങ്ങനെയുള്ള ഭേദഗതികളിലൂടെ രാജ്യത്തെ മുഴുവൻ സഹകരണ മേഖലയെയും അതിന്റെ ഘടനയെയും നിയന്ത്രിക്കാനും ആവശ്യമെങ്കിൽ സംഘങ്ങളെ ഏറ്റെടുക്കാനും കേന്ദ്ര സർക്കാരിന് കഴിയുന്നതാണ്. |

| | | |
|---|---|---|
| | | 2023-24 വർഷത്തേയ്ക്കുള്ള കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കി പ്രാഥമിക സഹകരണ ബാങ്കുകളെ നബാർഡ് മുതലായ കേന്ദ്ര ഏജൻസികളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പ്രഖ്യാപനം. കൂടാതെ, കേന്ദ്രം തയ്യാറാക്കിയിട്ടുള്ള മോഡൽ ബൈലോയിലൂടെ പ്രാഥമിക ബാങ്കുകളുടെ ബിസിനസ് പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് തീരുമാനിക്കപ്പെടുകയാണ്. സഹകരണ ബാങ്കുകളുടെ പ്രവർത്തനം തന്നെ കേന്ദ്ര നിരീക്ഷണത്തിന് വിധേയമാക്കുകയെന്ന ലക്ഷ്യമാണ് ഇതിനുള്ളത്.<br><br>കേന്ദ്ര സർക്കാരിന്റെ സഹകരണ മേഖലയിലെ പുതിയ നിയമനിർമ്മാണവും പരിഷ്കാരങ്ങളും ഏറ്റവുമധികം ബാധിക്കപ്പെടുന്ന സംസ്ഥാനം കേരളമാണ്. ആയതിനാൽ കേരളത്തിന്റെ സഹകരണ മേഖലയിലെ ഘടനാപരമായ കെട്ടുറപ്പിനെ ഗുരുതരമായി ബാധിക്കുന്ന നിയമനിർമ്മാണത്തിൽ നിന്നും മറ്റു പരിഷ്കാരങ്ങളിൽനിന്നും എത്രയുംവേഗം പിന്തിരിയണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. |